**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5230** **12-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജി.എസ്.ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. യിൽ നിന്ന് സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 2020-21 വർഷത്തിൽ സംസ്ഥാനത്തെ ജി.എസ്.ടി റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് 18,999.57 കോടി രൂപയായിരുന്നു. |
| (ബി) | പ്രസ്തുത വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. വഴി എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വർഷത്തിൽ സംസ്ഥാനത്തിന് ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ് ഹോക്ക്) ആയി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം 2020-21 എസ്.ജി. എസ്.ടി (തുക കോടിയിൽ) : 8337.35 ഐ.ജി. എസ്. ടി സെറ്റിൽ മെന്റ് (തുക കോടിയിൽ) : 9196.71 ആകെ (തുക കോടിയിൽ) : 17534.06 അഡ് ഹോക്ക്സെറ്റിൽ മെന്റ് (തുക കോടിയിൽ): 1596.11 |
| (സി) | വാഹന മേഖലയിലെ പ്രതിസന്ധി ജി.എസ്.ടി. വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പ്രളയം, കോവിഡ് ലോക്ക്ഡൗൺ എന്നിവ മൂലം എല്ലാ മേഖലകളിലും ഉണ്ടായ പ്രതിസന്ധി ജി.എസ്.ടി കളക്ഷനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വാഹനമേഖലയിലുണ്ടായ പ്രതിസന്ധിയും ഇതിലുൾപ്പെടുന്നു. ഈ മേഖലയിൽ നിന്നും എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായി എന്ന് കൃത്യമായി കണക്കാക്കാൻ സാദ്ധ്യമല്ല. ജി.എസ്.ടി പിരിവിൽ കുറവുണ്ടായെങ്കിലും ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും ഐ.ജി.എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ